

# സുതാര്യതക്ക് ഒരു (സുതാര്യത ഇല്ലാത്ത) കമ്മീഷൻ

പി.എം. രവീന്ദ്രൻ

സ്വാതന്ത്ര്യലബ്ധിക്ക് ശേഷം പ്രജയെ പൗരനാക്കാനുള്ള ഏറ്റവും നല്ല നിയമമാണ് 2005-ൽ നിലവിൽ വന്ന വിവരാവകാശ നിയമം. പക്ഷെ പൗരനിർമ്മിതമായ ഒന്നും കുറ്റമറ്റതാകില്ല എന്നാണല്ലോ പ്രമാണം. വിവരാവകാശ നിയമത്തിലും കുറവുകൾ ഇല്ലെന്ന് പറഞ്ഞുകൂടാ. ഉദാഹരണത്തിന് ഫീസും മറ്റു ചിലവുകളും തീരുമാനിക്കാനുള്ള അധികാരം വികേന്ദ്രീകരിച്ചതുതന്നെ. സാധാരണക്കാർക്ക് പത്തുരൂപ അപേക്ഷാഫീസും, ലഭിക്കേണ്ട വിവരം ഒരു പേജിന് രണ്ടുരൂപയും ആയി നിശ്ചയിച്ച സർക്കാരിന്റെ സദുദ്ദേശ്യം ഡൽഹി ഹൈക്കോടതി പോലുള്ള ചില സംവിധാനങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല എന്നത് സത്യം. കാരണം അവർ നിശ്ചയിച്ച നിരക്കുകൾ യഥാക്രമം 500ഉം 5ഉം രൂപകളാണ്. അപേക്ഷകന്റെ ചിലവ് കുത്തനെ വർദ്ധിപ്പിച്ചപ്പോൾ വിവരം നൽകാൻ ബാദ്ധ്യതപ്പെട്ടവർ അത് സമയത്തിന് നൽകിയില്ലെങ്കിൽ ഒടുക്കേണ്ട പിഴ കുത്തനെ താഴ്ത്തുകയും ചെയ്തിരിക്കുന്നു. ദിവസത്തിന് 250 രൂപ എന്നത് 50 രൂപയായും ഏറ്റവും കൂടുതൽ 25000 രൂപ എന്നത് 500 രൂപയായും! പക്ഷെ ഇന്നത്തെ വിഷയം ഇതല്ല. ഇന്നത്തെ വിഷയം കേരള സംസ്ഥാന വിവരാവകാശ കമ്മീഷനാണ്. ഈ കമ്മീഷന്റെ താത്പര്യക്കുറവും കാര്യക്ഷമതയില്ലാത്ത പ്രവർത്തിയും മൂലം ഒരു നല്ല നിയമം അകാലമൃത്യുവിന്നിരയാകുമോ എന്ന ഭീതിയാണ്.

ഈ നിയമം നിലവിൽവന്നത് 2005 ജൂൺ 15-നാണ്. നിലവിൽ വന്നശേഷം ആദ്യത്തെ 120 ദിവസം ഈ നിയമത്തിന്റെ പരിധിയിൽവരുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾക്ക് ഈ നിയമം പ്രാബല്യത്തിൽ വരുത്താനുള്ള തയ്യാറെടുപ്പിനുള്ള സമയമായിരുന്നു. അതിനുശേഷം മാത്രമെ പൊതുജനങ്ങൾക്ക് ബാധകമായിരുന്നുള്ളൂ. എന്തായാലും ഈ ദിവസങ്ങൾ വന്നുപോയത് അന്നത്തെ സർക്കാർ അറിഞ്ഞതുപോലുമില്ലെന്നുതോന്നുന്നു. കാരണം ഈ നിയമം കാര്യക്ഷമമായി നടപ്പാക്കാൻ ചുമതലപ്പെട്ട വിവരാവകാശ കമ്മീഷൻ പോലും നിലവിൽ കൊണ്ടുവന്നിരുന്നില്ല എന്നതുതന്നെ! (ഇന്നത്തെ നമ്മുടെ മുഖ്യ വിവരാവകാശ കമ്മീഷണർ അക്കാലത്ത് സംസ്ഥാന ചീഫ് സെക്രട്ടറി ആയിരുന്നു എന്നത് ശ്രദ്ധേയമായ കാര്യമാണ്.) അകാരണമായി (?) വൈകിയാണെങ്കിലും സംസ്ഥാന വിവരാവകാശ കമ്മീഷനും 2005 ഡിസംബർ 21-ാം തിയ്യതി നിലവിൽവന്നു. കേന്ദ്ര വിവരാവകാശ കമ്മീഷനിൽപ്പോലും 5 അംഗങ്ങളെ ഉള്ളൂവെന്നിരിക്കെ നാലംഗങ്ങളെ ഉൾപ്പെടുത്തി പ്രവർത്തനമാരംഭിച്ച സംസ്ഥാന കമ്മീഷൻ നഷ്ടപ്പെട്ട സമയം കൊണ്ടുണ്ടായ കുറവുകൾ നികത്തുമെന്നു വിശ്വസിച്ച ഈ മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകർക്ക് തെറ്റുപറ്റി. ഇതെങ്ങിനെ സംഭവിച്ചു എന്നത് ഒരു ഉദാഹരണത്തിലൂടെ കാണാം.

തിരുവനന്തപുരം മുതൽ കാസർകോഡ് വരെയുള്ള ആശുപത്രി മാലിന്യങ്ങൾ പാലക്കാട്ടു കൊണ്ടുവന്ന് കത്തിച്ചുകളയുന്ന സംവിധാനത്തെക്കുറിച്ച് ഒരു വിവരത്തിനായി ഞാൻ മലിനീകരണ നിയന്ത്രണബോർഡിൽ അപേക്ഷിച്ചത് 2006 മെയ് 6-നാണ്. കേരള സർക്കാർ ഉത്തരവനുസരിച്ച് ഫീസായി പത്തു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പും ഒട്ടിച്ചിരുന്നു. എന്നാൽ കോർട്ട് ഫീ സ്റ്റാമ്പ് സ്വീകാര്യമല്ലെന്നും പണമായി തന്നെ അവരുടെ ഓഫീസിൽ അടക്കണമെന്നും അറിയിച്ചുകൊണ്ടുള്ള അവരുടെ മെയ് 17-ാം തിയ്യതിയിലെ കത്ത് എനിക്ക് കിട്ടുന്നത് ജൂൺ 26-ാം തിയ്യതി അവരുടെ ഓഫീസിൽ അന്വേഷിച്ചെത്തിയപ്പോഴാണ്. തുടർനടപടി എന്ന നിലയിൽ എനിക്ക് ചെയ്യുവാൻ ഉണ്ടായിരുന്നത് വിവരാവകാശ കമ്മീഷനിൽ അപ്പീൽ നൽകുക എന്നതായിരുന്നു. ഇത് ഞാൻ ജൂലൈ 17-ന് അയക്കുകയും ചെയ്തു. വളരെ നിസ്സാരമായ വിഷയം. കാണുന്ന മാത്രയിൽ തന്നെ ഉത്തരവ് നൽകാവുന്ന വിഷയം.

ഇതിനേക്കാളും നിസ്സാരമായ വിഷയത്തെക്കുറിച്ച് വിഭാവനം ചെയ്യാൻപോലും പ്രയാസം. എന്തായാലും അപ്പീലിന് നമ്പർ കൊടുത്തത് അറിയിച്ചുകൊണ്ടുള്ള മറുപടിയും പ്രതീക്ഷിച്ച് രണ്ടുമാസം തള്ളിനീക്കി. എന്നിട്ടും ഈ വിവരം പോലുമോ ഉത്തരവോ കിട്ടാത്തതിനാൽ സെപ്റ്റംബർ 27-ാം തിയ്യതി ഒരു റിമൈന്റർ അയച്ചു. എന്നിട്ടും ഇല്ലാ മറുപടി. (വിവരാവകാശ നിയമപ്രകാരം പബ്ലിക് ഇൻഫൊർമേഷൻ ഓഫീസർക്കും അപ്പെല്ലെറ്റ് അതോറിറ്റിക്കും ബാധകമായ സമയപ

രിധികൾ വിവരാവകാശ കമ്മീഷണർമാർക്ക് ബാധകമാക്കാതിരുന്നത് ഈ നിയമത്തിലെ മറ്റൊരു കുറവായി തുടരുന്നു.) വിവര സാങ്കേതികവിദ്യ അതിന്റെ പ്രയോജനം ഇന്റർനെറ്റിലൂടെ ജനങ്ങളിൽ എത്തിച്ചുകൊണ്ടിരിക്കുന്ന കാലമായതിനാൽ അവിടേയും പരതിനോക്കി ഈ കമ്മീഷനെ കുറിച്ച് വല്ല വിവരമോ കിട്ടുമോ എന്ന്. ഫലം നാസ്തി. സെൻട്രൽ ഇൻഫർമേഷൻ കമ്മീഷന്റെ വെബ്സൈറ്റിൽ പ്രത്യക്ഷപ്പെടാത്ത ഒരേ ഒരു തെക്കേ ഇന്ത്യൻ സംസ്ഥാനം കേരളം മാത്രം. കേരള സർക്കാരിന്റെ വെബ്സൈറ്റിലും മറ്റു പല കമ്മീഷനുകളും പ്രത്യക്ഷപ്പെടുമ്പോൾ ഈ കമ്മീഷന് മാത്രം സ്ഥാനമില്ല! ഇത് വെറും അനാസ്ഥ മൂലമാണോ അതോ ബോധപൂർവ്വമുള്ള ഒരു തീരുമാനമാണോ എന്ന് വായനക്കാർക്ക് തീരുമാനിക്കാം. തുടർന്നുള്ള ഭാഗങ്ങളും വായിച്ചശേഷം.

പക്ഷെ ഒരു കാര്യം ഇവിടെ അടിവരയിട്ട് എഴുതേണ്ടതുണ്ട്. അതായത് ഈ നിയമം നടപ്പാക്കാനുള്ള ബാദ്ധ്യത തീർത്തും ഇനി വിവരാവകാശ കമ്മീഷന്റേതു മാത്രമാണ്. പൊതുജനങ്ങൾക്ക് അവർക്ക് ആവശ്യമെന്ന് തോന്നുന്ന വിവരങ്ങൾക്ക് അപേക്ഷിക്കാം. അപ്പീൽ നൽകാം. പക്ഷെ കമ്മീഷണർമാർ അപ്പീലുകളുടെ മുകളിലിരുന്ന് ഉറങ്ങിപ്പോയാൽ ചുമതലാബോധമുള്ള സർക്കാർ അവരെ തൽസ്ഥാനത്തുനിന്ന് നീക്കിയാൽ മാത്രമെ ഈ നിയമം ഉദ്ദേശിച്ച പ്രയോജനമുണ്ടാക്കുകയുള്ളൂ.

ഡിസംബർ 8-ാം തിയ്യതി പാലക്കാട്ടെ വിക്ടോറിയാ കോളേജിൽ നടത്തിയ വിവരാവകാശ നിയമത്തെ കുറിച്ചുള്ള സെമിനാറിൽ മുഖ്യാതിഥിയായി വന്നപ്പോൾ നടത്തിയ പ്രഭാഷണമാണ് സംസ്ഥാനത്തെ മുഖ്യ വിവരാവകാശ കമ്മീഷണറുമായി നേരിട്ടിടപെടാൻ എനിക്ക് അവസരം നൽകിയത്. ഈ നിയമം നടപ്പാക്കേണ്ടത് സർക്കാറാണ്. ഇതിന്നായി ഞാൻ മുഖ്യമന്ത്രിയുടെ പുറകെ ഒരുപാട് നടന്നിട്ടുണ്ട്, ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ പുറകേയും ഓടിക്കൊണ്ടിരിക്കുകയാണ് – അങ്ങനെ തുടർന്നു പഴിചാരൽ. ഈ കമ്മീഷന്റെ അധികാരം വളരെ വിപുലമാണ്, ഒരു കോടതിയുടെ അധികാരങ്ങൾ ഉണ്ട്, പിഴ ചാർത്താം, ഏതു ഫയലും പരിശോധനക്കായി സമർപ്പിക്കാൻ ഉത്തരവ് നൽകാം- ഇത് സത്യം കലർന്ന മേമ്പ പറച്ചിൽ! ഇതിനെല്ലാം ശേഷം സദസ്സിലുള്ളവരുടെ സംശയനിവാരണത്തിനുള്ള സന്ദർഭമായപ്പോൾ എനിക്കു രണ്ടു ചോദ്യങ്ങളാണ് ഉണ്ടായിരുന്നത്. ഒന്ന്, കളിക്കാരെ നിയന്ത്രിക്കാൻ പീപ്പിയും മഞ്ഞയും ചുവപ്പും കാർഡുകളും വെച്ചിരിക്കുന്ന റെഫറി അവ ഉപയോഗിക്കാതെ ടീം ക്യാപ്റ്റന്റെ അടുത്ത് പരിഭവം ബോധിപ്പിച്ചു കൊണ്ടിരിക്കുന്നത് ഏതു കളിയിലാണ് എന്ന്. രണ്ട്, ജൂലായിൽ സമർപ്പിച്ച അപ്പീലിൽ തീർപ്പാക്കാൻ എത്ര സമയം എടുക്കുമെന്നും.

2007 ജനുവരി 26-ന് സംസ്ഥാനത്തെ മുഖ്യവിവരാവകാശ കമ്മീഷണർ മുഖ്യാതിഥിയായി ഒറ്റപ്പാലം റോട്ടറി ക്ലബ്ബ് സംഘടിപ്പിച്ച ഒരു സെമിനാറിലും പങ്കെടുക്കാൻ എനിക്ക് അവസരമുണ്ടായി. വീണ്ടും പഴയ രീതിയിലുള്ള പഴിചാരലും മേമ്പ പറച്ചിലും കഴിഞ്ഞപ്പോൾ പഴയ സംശയങ്ങൾ ദുരീകരിക്കപ്പെട്ടിട്ടില്ലെന്ന് എനിക്കും പറയേണ്ടിവന്നു. മാത്രമല്ല വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം എന്തുകൊണ്ട് വിവരാവകാശ കമ്മീഷൻ ചെയ്യുന്നില്ലാ എന്ന ചോദ്യവും ഉയർന്നു. കാരണം ദേശീയ വിവരാവകാശ കമ്മീഷന്റെ വെബ്സൈറ്റിൽ കാണാത്ത ഒരേ ഒരു ലിങ്ക് തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന്റേത് മാത്രമാണ്. എന്തായാലും ഇത്തരം കുറവുകൾ നികത്തി കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം എന്ന് കാണിച്ച് രണ്ട് പേജുള്ള ഒരു നിവേദനവും നൽകി. അന്ന് അദ്ദേഹം തന്ന വിസിറ്റിംഗ് കാർഡിലുണ്ടായിരുന്ന അദ്ദേഹത്തിന്റെ ഇമെയിൽ അഡ്രസ്സിലേക്ക് അയച്ച രണ്ട് സന്ദേശങ്ങളും മറുപടി കിട്ടാതെ വൃഥാവിലായി.

ഫെബ്രുവരി 19-ാം തിയ്യതിയിലെ പത്രത്തിൽനിന്നാണ് അന്ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ പാലക്കാട് സിറ്റിംഗ് നടത്തുന്ന വിവരം അറിഞ്ഞത്. മറ്റെല്ലാ പ്രവർത്തികളും മാറ്റിവെച്ച് കൃത്യസമയത്തുതന്നെ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലെത്തി. അപ്പോഴാണ് അറിയുന്നത് നേരത്തെ നോട്ടീസ് നൽകിയിട്ടുള്ള നാല് കേസുകൾ മാത്രമെ പരിഗണിക്കപ്പെടുകയുള്ളൂവെന്ന്. മാത്രമല്ല, പരിഗണിക്കുന്ന കേസിലെ പാർട്ടികൾക്കുമാത്രമെ ഹാളിൽ പ്രവേശനമുള്ളൂവെന്നും. ലൈംഗിക പീഡന കേസുകളിൽ മാത്രം കോടതികൾ പോലും അപൂർവ്വമായി മാത്രം സ്വീകരിക്കുന്ന ഇത്തരം ഇൻ കാമറ രീതി സുതാര്യതക്കുള്ള കമ്മീഷൻ സ്വീകരിക്കുന്നതിൽ അപാകത ഇല്ലേ എന്ന് എന്നേപ്പോലെ അവിടെ എത്തിയിരുന്ന പലർക്കും തോന്നിയതിന് ഞങ്ങളെ കുറ്റപ്പെടുത്താമോ?

എന്തായാലും ഉച്ചക്ക് 12 മണിക്ക് പത്രസമ്മേളനം നടക്കുന്നുണ്ടെന്ന വിവരവും നേടി തിരിച്ചുപോയ ഞാൻ പാലക്കാട് ടൈംസിന്റെ എഡിറ്റോറിയൽ ബോർഡ് അംഗം എന്ന നിലയിലും പാലക്കാട് മുന്നോട്ട് എന്ന പാലക്കാടിനെ സ്നേഹിക്കുന്നവരുടെ കൂട്ടായ്മയുടെ വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട പരിപാടികളുടെ കോഓർഡിനേറ്റർ എന്ന നിലയിലും വീണ്ടും കൃത്യസമയത്തുതന്നെ ഹാളിലെത്തി. ഇവിടെ എന്നെ നേരിട്ടത് വേറൊരു പ്രശ്നമാണ്. അക്രഡിറ്റേഷൻ ഉള്ള പത്രപ്രവർത്തകനാണോ താൻ? പ്രധാനമന്ത്രിയെപ്പോലെ സുരക്ഷാ ഭീഷണി നേരിടുന്നവരുടെ പത്രസമ്മേളനങ്ങൾക്ക് ഏർപ്പെടുത്തുന്ന, ഏർപ്പെടുത്താവുന്ന ഇത്തരം വ്യവസ്ഥകൾ സുതാര്യതക്ക് വേണ്ടി പ്രവർത്തിക്കുന്ന, വിവരാവകാശ നിയമത്തെക്കുറിച്ച് ജനങ്ങൾക്ക് ബോധമില്ലാത്തതാണ് ഇപ്പോഴത്തെ ഏറ്റവും വലിയ പ്രതിസന്ധി എന്ന് സന്ദർഭം കിട്ടുമ്പോഴെല്ലാം തട്ടിവിടുന്ന, ഈ ബോധം ജനങ്ങളിൽ വളർത്താൻ ബാദ്ധ്യതയുള്ള വിവരാവകാശ കമ്മീഷൻ ഉദ്ദേശശുദ്ധിയെത്തന്നെ ചോദ്യം ചെയ്യേണ്ട സമയമായില്ലേ എന്ന് തോന്നിപ്പോകുന്നു. ഇത് വൈകാരികമായ ഒരു ചോദ്യമല്ല. കമ്മീഷന്റെ തന്നെ കണക്കുകളും ഉയർത്തുന്ന ചോദ്യം മറ്റൊന്നല്ല. 2005 ഡിസംബർ 21-ന് നിലവിൽവന്ന നാലംഗങ്ങളുള്ള ഈ കമ്മീഷൻ ഇതുവരെ ഫയൽ ചെയ്ത 895 കേസുകളിൽ തീർപ്പാക്കിയ കേസുകൾ വെറും 205! അതായത് വെറും 23 ശതമാനം മാത്രം! 14 മാസങ്ങളിൽ ഓരോ കമ്മീഷനും തീർപ്പാക്കിയത് വെറും 51 കേസുകൾ മാത്രം! അഞ്ചംഗങ്ങളുള്ള ദേശീയ വിവരാവകാശ കമ്മീഷണിൽ ആദ്യത്തെ 11 മാസം ഫയൽ ചെയ്ത കേസുകൾ 3059, ഇവയിൽ തീർപ്പാക്കിയത് 1531. അതായത് 50%. 11 മാസങ്ങളിൽ ഓരോ കമ്മീഷണറും തീർപ്പാക്കിയത് 139!

ഇക്കണക്കിൽ പോയാൽ വിവരാവകാശത്തിന്റെ ശവക്കുഴി വിവരാവകാശ കമ്മീഷൻ തന്നെ തോണ്ടുമോ?

*ആതിര, കല്പാത്തി, പാലക്കാട്*